**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3307** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഹാരിസൺസ് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഹാരിസൺസ് കമ്പനി അധികൃതർ 1923 ലെ പ്രമാണ രേഖ തിരുത്തിയെന്ന ഫോറൻസിക് സയൻസ് ലാബിന്റെ റിപ്പോർട്ട് ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | കൊല്ലം, പത്തനംതിട്ട, കോട്ടയം ഇടുക്കി ജില്ലകളിലായി ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 25630 ഏക്കർ ഭൂമിയുടെ പ്രമാണ രേഖയായി കമ്പനി ഹാജരാക്കിയതും കൊല്ലം എസ്. ആർ.ഒയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 1600/1923 നമ്പർ കരാർ ഉടമ്പടി (Indenture) യുടെ ആധികാരികത സംബന്ധിച്ച് വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബ് നടത്തിയ പരിശോധനയിൽ പ്രസ്തുത രേഖയുടെ പ്രസക്തി നഷ്ടമാകും വിധത്തിൽ നിരവധി തിരുത്തലുകളും കൂട്ടിചേർക്കലുകളും വരുത്തിയിട്ടുള്ളതായി കണ്ടെത്തുകയും ഫോറൻസിക് സയൻസ് ലാബ് ഡയറക്ടറുടെ 12.6.2018 ലെ B2-9044/FSL/2015 നമ്പർ കത്ത് പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. |
| (ബി) | പ്രസ്തുത റിപ്പോർട്ട് പൂഴ്ത്തിവെച്ച ഉദ്യോഗസ്ഥർ ആരൊക്കെയാണ്എന്ന് വ്യക്തമാക്കാമോ; | (ബി) | 1600/1923 നമ്പർ കരാർ ഉടമ്പടി (Indenture) യുടെ ആധികാരികത സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിന്റെ അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിലാണ് സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ട് വിജിലൻസ് വകുപ്പ് മുഖേനെ റവന്യൂ വകുപ്പിൽ ലഭ്യമാക്കിയത് 2021 മാർച്ച് മാസത്തിലായിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ഫോറൻസിക് സയൻസ് ലാബിന്റെ (Forensic Science Lab) കണ്ടെത്തലുകൾ സംബന്ധിച്ച് പരാമർശിച്ചിരുന്നുവെങ്കിലും FSL ന്റെ പരിശോധനാറിപ്പോർട്ട് ഉൾപ്പെടുത്തിയിരുന്നില്ല. റവന്യൂ വകുപ്പിൽ നിന്നും ആവശ്യപ്പെട്ടതിനെ തുടർന്ന് വിജിലൻസ് വകുപ്പ്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും പ്രസ്തുത റിപ്പോർട്ട് ശേഖരിച്ച് 2021 ആഗസ്റ്റ് മാസത്തിലാണ് റവന്യൂ വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | റവന്യൂ വകുപ്പ് അറിയാതെ വിജിലൻസ് കോടതിയിൽ കേസ് അവസാനിപ്പിക്കാൻ ഏതെങ്കിലും ഉദ്യോഗസ്ഥർ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | തർക്കഭൂമിയുടെ ഉടമസ്ഥത സർക്കാർ സിവിൽ കോടതിയിൽ കേസുകൾ നടത്തി സ്ഥാപിച്ചതിനു ശേഷമേ കുറ്റാരോപിതരായ കമ്പനി അധികൃതർക്കും ഉദ്യോഗസ്ഥർക്കുമെതിരെ Prevention Of Corruption Act (PC) പ്രകാരം വിജിലൻസ് കേസ് എടുക്കാൻ കഴിയുകയുള്ളൂ എന്നാണ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. Further Actions Dropped (FAD) എന്നാണ് വിജിലൻസ് കോടതിയിൽ അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് സമർപ്പിച്ചത്. പ്രസ്തുത അന്തിമ റിപ്പോർട്ട് കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ